വേണം ഒരുസ്വതന്ത്ര പണ്ഡിതസമിതി

മുസ്‌ലിം കേരളം ഒരു നിലക്കു വളരെ അനുഗൃഹീതമാണ്. എല്ലാ ചിന്താധാരകളിലുമുള്ള മുസ്‌ലിം വിഭാഗങ്ങൾക്കും ഇവിടെ അനേകം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. ഈ വിദ്യാലയങ്ങളിൽ നിന്നു വർഷാന്തം നിരവധി പണ്ഡിതന്മാർ പുറത്തിറങ്ങിക്കൊണ്ടിരിക്കുന്നു. പണ്ഡിതന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളാണെന്ന് മുഹമ്മദ് നബി(സ) പഠിപ്പിച്ചിരിക്കെ ഈ സമുദായം എത്ര സൗഭാഗ്യവതിയാവണം! പക്ഷെ, അനുഭവത്തിൽ നാം കാണുന്നതെന്താണ്? ശൈഥില്യം നാൾക്കുനാൾ വർധിച്ചുവരുന്നു. പക്ഷപാതവും പിടിവാശിയും തജ്ജന്യമായ അനൈക്യവും സമുദായത്തെ കൂടുതൽ കൂടുതൽ ശിഥിലമാക്കുന്നു. ഇതേതായാലും പ്രവാചകന്മാരുടെ പാതയല്ലെന്ന് വ്യക്തം. എന്നിരിക്കെ എവിടെയാണ് തകരാറ് സംഭവിച്ചതെന്ന് പരിശോധിക്കേണ്ടതല്ലേ?

ഒരു കാര്യം വ്യക്തമാണ്. വളവ് പറ്റിയിരിക്കുന്നത് മോന്തായത്തിനു തന്നെ. അതിനാൽ പൊളിച്ചുപണിയേണ്ടതും അവിടെത്തന്നെയാണ്. ഇതുവരെ, പക്ഷെ ശിൽപികൾക്കത് ബോധ്യമായിട്ടില്ലെന്നതാണ് നമ്മുടെ ദൗർഭാഗ്യം. ഭൂമിയിൽ അല്ലാഹു മനുഷ്യനെ അവന്റെ പ്രതിനിധിയാക്കി നിശ്ചയിച്ചിരിക്കുന്നു. മനുഷ്യർക്കല്ലാഹു നൽകിയ വർദ്ധമാനമായ ആദരവാണിതെന്ന് പറയേണ്ടതില്ല. മാലാഖമാർക്കുപോലും ലഭിക്കാത്ത ആദരവ്. അവനെ ഈ ആദരവിന്നർഹനാക്കിയത് വിജ്ഞാനമാണെന്ന് വിശുദ്ധ ഖുർആൻതന്നെ വ്യക്തമാക്കിയിരിക്കുന്നു: 'നിന്റെ രക്ഷിതാവ് മാലാഖമാരോട് പറഞ്ഞ സന്ദർഭം. ഭൂമിയിൽ ഞാനൊരു പ്രതിനിധിയെ നിശ്ചയിക്കാൻ പോവുകയാണ്. മാലാഖമാർ ചോദിച്ചു: അതിൽ നാശമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ പ്രതിനിധികളാക്കി നിശ്ചയിക്കുന്നത്? അല്ലാഹു പറഞ്ഞു: നിങ്ങൾക്കറിയാത്തത് എനിക്കറിയാം' പിന്നീടല്ലാഹു അവനു വിജ്ഞാനം നൽകുന്നു. വിജ്ഞനായ മനുഷ്യന്റെ മഹത്വം മാലാഖമാർക്കു നേരിൽ ബോധപ്പെടുത്തിയ ശേഷം അവൻ മാലാഖമാരോട് പറയുന്നു: 'ആകാശ ഭൂമികളുടെ രഹസ്യം എനിക്കറിയാമെന്നു ഞാൻ നിങ്ങളോട് പറഞ്ഞില്ലേ?' ഇവിടെ ഈ രഹസ്യം ആദരവ് നൽകിയ മനുഷ്യന്റെ വിജ്ഞാനമാണെന്ന് വ്യക്തം.

അജയ്യനും യുക്തിജ്ഞനുമായ അല്ലാഹുവല്ലാതെ ഒരിലാഹുമില്ലെന്നു അല്ലാഹുവിനോടും മലക്കുകളോടുമൊപ്പം സാക്ഷ്യം വഹിച്ചവരാണ് പണ്ഡിതന്മാർ. (ആലുഇംറാൻ:18). വിശ്വാസത്തോടൊപ്പം വിജ്ഞാനവും കൂടി ആർജിച്ചവരെ അല്ലാഹു പല പദവികൾ നൽകി അനുഗ്രഹിച്ചിരിക്കുന്നു. (അൽ മുജാദലഃ:11). കർമങ്ങളിൽ ഏറ്റവും ശ്രേഷ്ഠമാണ് ജിഹാദ്, എന്നാൽ വിജ്ഞാനമാർജ്ജിക്കുന്നതിനു അതിനേക്കാൾ പ്രാധാന്യം നൽകിയിരിക്കുന്നു വിശുദ്ധ ഖുർആൻ (അത്തൗബഃ122).

ചിന്തിക്കുന്ന മനുഷ്യനോട് ഇതൊക്കെ എന്തുകൊണ്ടാണെന്നു പ്രത്യേകം പറയേണ്ടതില്ല. പ്രവാചകന്മാർ നിർവഹിച്ച ദൗത്യമാണ് അവർക്കിവിടെ നിർവഹിക്കാനുള്ളത്. സത്യത്തിന്റെയും നന്മയുടെയും മാർഗത്തിലേക്ക് ജനങ്ങളെ നയിക്കുക. ആ മാർഗത്തിൽ നേരിടേണ്ടി വരുന്ന ഏത് പ്രയാസങ്ങളെയും ക്ഷമാപൂർവ്വം തരണം ചെയ്യുക. നാളെ കൊയ്യുന്നതിന്നുവേണ്ടി ഇന്നു പാടത്തിറങ്ങുക. അങ്ങനെ ശാശ്വത സൗഖ്യം ഉറപ്പുവരുത്തുക. ഇതിനൊക്കെ വിജ്ഞാനം ആവശ്യമാണ്. അതുകൊണ്ടാണ് പണ്ഡിതന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളായത്.

ഇന്ന് പക്ഷെ പണ്ഡിതന്മാർ പ്രവാചകന്മാരുടെ ദൗത്യമാണോ നിർവഹിക്കുന്നത്? അതല്ല പിശാചിന്റെ ഡ്യൂട്ടിയോ? സമൂഹത്തെ ഒന്നിപ്പിക്കുന്നതിനു പകരം പരമാവധി ശിഥിലീകരിക്കാനല്ലേ അവർ ചൂട്ടുപിടിക്കുന്നത്? നന്മയിലേക്കു മാർഗദർശനം ചെയ്യുന്നതിനു പകരം പാർട്ടിക്കു വേണ്ടി പരസ്യമായി തിന്മയിലേക്കല്ലേ അവർ വാശിയോടെ ജനങ്ങളെ നയിക്കുന്നത്? സ്വാഭാവികമായും അത്രയേ അവർക്ക് കഴിയൂ. കാരണം അവർ ദീനിന്റെയോ സമുദായത്തിന്റെയോ പണ്ഡിതന്മാരല്ല. അവർ പല ഗ്രൂപ്പുകളുടെയും പാർട്ടികളുടെയും പണ്ഡിതന്മാരാണ്. അതിനാൽ അവർക്കു സത്യാസത്യങ്ങൾ നോക്കാതെ തങ്ങളുടെ പാർട്ടികൾക്കൊപ്പം നിൽക്കാനേ കഴിയൂ. സമുദായത്തിനു നേതൃത്വം നൽകുന്ന മറ്റൊരു വിഭാഗം ഉമറാക്കളാണ്. പക്ഷെ, അവർക്ക് വെളിച്ചം നൽകേണ്ടത് പണ്ഡിതന്മാരാണല്ലോ. അതിനു പകരം ഉമറാക്കളുടെ താൽപര്യത്തിനൊത്ത് പണ്ഡിതന്മാർ തുള്ളിയാലോ? മുങ്ങുന്ന ഈ കപ്പലിനെ രക്ഷിക്കാൻ ആരുമുണ്ടാവില്ല.

ഇതിനൊരു മാറ്റമുണ്ടാവാൻ ഒറ്റവഴിയേ കാണാനുള്ളൂ. പണ്ഡിതന്മാർക്കു സ്വന്തമായി സ്വതന്ത്രമായ ഒരു സംഘടനയുണ്ടാവണം. അവർക്കു സത്യത്തോടല്ലാതെ, ഒരു പാർട്ടിയോടും ഒരു പ്രതിബദ്ധതയുമുണ്ടാവരുത്. അവർ കേരളത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സമ്മേളിച്ചു സമുദായത്തെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചു സ്വതന്ത്രമായി ചിന്തിക്കുകയും സാധ്യമാകുന്നേടത്തോളം അഭിപ്രായ സമന്വയമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യണം. പല വിഷയങ്ങളിലും പൂർണമായ അഭിപ്രായ സമന്വയം സാധ്യമായില്ലെന്നുവരാം. അതൊട്ടാവശ്യവുമില്ല. എന്നാലും ഭിന്ന വീക്ഷണങ്ങൾ പരസ്പരം അടുത്തറിയുന്നതോടു കൂടി നിലവിലുള്ള സംഘർഷ മേഖലകളിൽ വലിയ തോതിൽ മഞ്ഞുരുക്കമുണ്ടാവാനും പരസ്പര ശത്രുത നീങ്ങിപ്പോവാനും അത് കാരണമാവുക തന്നെ ചെയ്യും. അപ്പോൾ മാത്രമേ സമുദായത്തിനു ഫലപ്രദമായ നേതൃത്വം നൽകുവാൻ അവർക്കു സാധിക്കുകയുള്ളൂ. അതാണല്ലോ വിശുദ്ധ ഖുർആനും തിരുസുന്നത്തും അവരോടാവശ്യപ്പെടുന്നത്. ■